# ഇടൂഴി മാധവൻ നമ്പൂതിരി സ്മാരക

## ഗവ .ഹയർസെക്കന്ററി സ്കൂൾ

### മയ്യിൽ



## സ്കൂൾ അക്കാദമിക്

## മാസ്റ്റർ പ്ലാൻ - 2025 -2026

# ഉള്ളടക്കം

സ്കൂൾ വിശദാംശങ്ങൾ
ആമുഖം
അവസ്ഥ വിശകലനം
കുട്ടികളുടെ എണ്ണം
റിസൾട്ട് അവലോകനം
മികവുകൾ - പരിമിതികൾ
മാസ്റ്റർ പ്ലാൻ – ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ
ഉപസംഹാരം

## സ്കൂൾവിശദാംശങ്ങൾ :

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഇടൂഴി മാധവൻ നമ്പൂതിരി സ്മാരക ഗവ. ഹയർസെക്കന്ററി സ്കൂൾ,മയ്യിൽ |
| മേൽവിലാസം | : | മയ്യിൽ പി ഒ , മയ്യിൽ ,670602 |
| ഇമെയിൽ | : | imnsghssmayyil@gmail.com |
| ഫോൺ | : | 04602275250 |
| വിഭാഗം | : | ഗവണ്മെന്റ് |
| റവന്യൂ ജില്ല | : | കണ്ണൂർ |
| വിദ്യാഭ്യാസ ജില്ല | : | തളിപ്പറമ്പ |
| വിദ്യാഭ്യാസ ഉപജില്ല | : | തളിപ്പറമ്പ സൗത്ത് |
| വില്ലേജ് | : | മയ്യിൽ |
| ഗ്രാമ പഞ്ചായത്ത് | : | മയ്യിൽ |
| ബ്ലോക്ക് പഞ്ചായത്ത് | : | ഇരിക്കൂർ |
| താലൂക്ക് | : | തളിപ്പറമ്പ |
| ജില്ല | : | കണ്ണൂർ |

## ആമുഖം :

കേരള ഗവണ്മെന്റിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും തുടർന്നുള്ള വിദ്യ കിരണം പദ്ധതിയുടെയും ഭാഗമായി നമ്മുടെ വിദ്യാലയങ്ങളെല്ലാം മികവിന്റെ കേന്ദ്രങ്ങളായി മാറി . വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങളും പഠന നിലവാരവും ഇന്ന് ഏറെ മെച്ചപ്പെട്ടിട്ടുണ്ട് .ക്ലാസ് മുറികൾ ഹൈടെക് ആക്കിയും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചും നമ്മുടെ വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തികൊണ്ട് വരിക എന്ന പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കി വരികയാണ് .അക്കാദമിക മേഖലയിൽ നാം കൈവരിച്ച നേട്ടങ്ങൾ ഒന്നുകൂടി മെച്ചപ്പെടുത്തി ഗുണ നിലവാരമുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക എന്ന കാഴ്ചപ്പാടാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്യുന്നത് .

കണ്ണൂർ ജില്ലയിൽ ഏറ്റവും അധികം വിദ്യാർത്ഥികൾ പഠിക്കുന്ന സർക്കാർ വിദ്യാലയമാണ് മയ്യിൽ, ഇട്ടൂഴി മാധവൻ നമ്പൂതിരി സ്മാരക ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ.പാഠ്യ-പഠ്യേതര പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന ഈ വിദ്യാലയത്തിൽ 3000 ത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്നു. പൊതു ഗതാഗതത്തെ മാത്രം ആശ്രയിച്ചാണ് ഇത്രയധികം വിദ്യാർഥികൾ സ്കൂളിൽ എത്തിച്ചേരുന്നത്.

1890 - ഇൽ ഇട്ടൂഴി ഇല്ലത്തെ മാധവൻ നമ്പൂതിരി ബമ്മണാ ച്ചേരിയിൽ ആരംഭിച്ച നിലത്തെഴുത്ത് പള്ളിക്കൂടത്തിൽ നിന്നാണ് മയ്യിൽ ഗവ.ഹയർസെക്കന്ററിസ്കൂളിന്റെ ആരംഭം. ജാതിമത ചിന്ത നിലനിന്നിരുന്ന കാലത്ത് ജാതിമതഭേദമന്യേ എല്ലാവർക്കും ഈ പള്ളിക്കൂടത്തിൽ സൗജന്യ വിദ്യാഭ്യാസം നൽകിയിരുന്നു.1892 ലാണ് ഈ വിദ്യാലയത്തിന് ഒരു കെട്ടിടം നിർമ്മിക്കപ്പട്ടത്.1912-ഇൽ ഇട്ടൂഴി ഇല്ലത്തിനു സമീപം മറ്റൊരു പള്ളിക്കൂടം സ്ഥാപിക്കുകയുണ്ടായി.1917 ഇൽ ഈ രണ്ടു പള്ളിക്കൂടവും യോജിപ്പിച്ച് ഒരു പുതിയ വിദ്യാലയം ആരംഭിച്ചു. 1921-ഇൽ ഈ വിദ്യാലയത്തിന് മദിരാശി ഗവണ്മെന്റ് അംഗീകാരം നൽകുകയും കെട്ടിട നിർമ്മാണത്തിന് ഗ്രാൻഡ്

അനുവദിക്കുകയും ചെയ്തു ഈ വിദ്യാലയം മയ്യിൽ എലിമെന്ററി വിദ്യാലയം എന്ന് നാമകരണം ചെയ്യപ്പെട്ടു.1926-ഇൽ എട്ടാം ക്ലാസ്സ് കൂടി ആരംഭിച്ച് സ്കൂളിനെ ഹയർ എലിമെന്ററി സ്കൂൾ ആക്കി ഉയർത്തി.1956-ഇൽ സ്കൂൾ എലിമെന്ററി വിഭാഗം, ഹയർഎലിമെന്ററിവിഭാഗം എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടു.എലിമെന്ററിവിഭാഗം ഇട്ടൂഴിഇല്ലത്തിന്റെ നിയന്ത്രണത്തിലും, ഹയർ എലിമെന്ററി വിഭാഗം മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെയും നിയന്ത്രണത്തിൽ ആയി. തുടർന്ന് ബോർഡ് സ്കൂൾ എന്ന് അറിയപ്പെട്ടു. ഇട്ടൂഴി മാധവൻ നമ്പൂതിരി, സ്കൂൾ കെട്ടിടവും 9 ഏക്കർ സ്ഥലവും പി.ടി ഭാസ്കരപണിക്കർ അധ്യക്ഷനായ ബോർഡിന് സൗജന്യമായി വിട്ടു കൊടുത്തു . 1957-ഇൽ അധികാരത്തിൽ വന്ന ഇ.എം.എസ് സർക്കാർ ബോർഡ് സ്കൂളുകൾ ഹൈസ്കൂളുകളാക്കി ഉയർത്തി.അതോടെ മയ്യിൽ ഗവ.ഹൈസ്കൂൾ യാഥാർഥ്യമാവുകയും 1959-ഇൽ ആദ്യ SSLC ബാച്ച് വിദ്യാർത്ഥികൾ പൊതു പരീക്ഷ എഴുതുകയും ചെയ്തു.1965-ഇൽ SSLC പരീക്ഷകേന്ദ്രമായി അനുവദിക്കുന്നത് വരെ പൊതു പരീക്ഷയ്ക്ക് മറ്റു വിദ്യാലയങ്ങളെയാണ് ആശ്രയിച്ചിരുന്നത്.പിന്നീട് ഹയർസെക്കന്ററി വിഭാഗവും അനുവദിക്കപ്പെട്ടു.

**അവസ്ഥാ വിശകലനം**

അക്കാദമിക് രംഗത്ത് ഏറെ മികച്ചു നിൽക്കുന്ന വിദ്യാലയത്തിൽ ഭൗതികസാഹചര്യങ്ങളുടെഅഭാവം ഏറെ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. പരിമിതികളെ അതിജീവിച്ചുകൊണ്ട് എസ്.എസ്.എൽ.സി,പ്ലസ്ടു പരീക്ഷകളിൽ മികച്ച വിജയം നേടാൻ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.

2025- ഇൽ എസ്.എസ്.എൽ.സി പരീക്ഷയിൽ 621 കുട്ടികൾ പരീക്ഷ എഴുതിയതിൽ 136 പേർ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടി കൊണ്ട് 100 ശതമാനം വിജയം കൈ വരിച്ചു.പ്ലസ്ടു പരീക്ഷയിൽ 92.28 ശതമാനം പേർ വിജയിച്ചു.ഇതിൽ 86 കുട്ടികൾക്ക് 90 ശതമാനത്തിനു മുകളിൽ മാർക്ക് ലഭിച്ചു. 69 കുട്ടികൾ USS വിജയികളായി. 5 കുട്ടികൾക്ക് NMMS ലഭിച്ചു.വിദ്യാലയത്തിൽ NSS, NCC, SPC, JRC, LITTLE KITES, ഗൈഡ്സ് എന്നീ യൂണിറ്റുകൾ സജീവമായി പ്രവർത്തിച്ചു വരുന്നു. അച്ചടക്കവും ആത്മവിശ്വാസവും ഉള്ള ഒരു

തലമുറയെ വാർത്തെടുക്കാൻ ഇതിലൂടെ സാധിക്കുന്നു.ഒരു സൈക്കോ സോഷ്യൽ കൗൺസിലറും ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററും സ്കൂളിൽ സേവനം ചെയ്യുന്നു.സ്കൂൾ കലോത്സവങ്ങളിലും ശാസ്ത്രമേളകളിലും കായിക മേളകളിലും മികച്ച പ്രകടനമാണ് കുട്ടികൾകാഴ്ചവയ്ക്കുന്നത്.പാഠ്യ-പഠ്യേതര പ്രവർത്തനങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്നതിനാൽ ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ നിന്ന് പ്രവേശനം തേടി നിരവധി കുട്ടികൾ ഇവിടെ എത്തുന്നുണ്ട് . കെട്ടിടങ്ങളുടെ അപര്യാപ്തത മൂലം എല്ലാ കുട്ടികൾക്കും പ്രവേശനം നല്കാൻ സാധിക്കുന്നില്ല.കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി 3.9 കോടി രൂപ മുടക്കി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായാൽ ഈ പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരം ആവും എന്നു പ്രതീക്ഷിക്കുന്നു.

**കുട്ടികളുടെ എണ്ണം ( 2025 -2026 )**

**യു പി , ഹൈസ്കൂൾ വിഭാഗം**

| ക്ലാസ് | ഡിവിഷനുകളുടെ എണ്ണം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|---|
| 5 | 3 | 34 | 43 | 77 |
| 6 | 8 | 166 | 147 | 313 |
| 7 | 10 | 180 | 164 | 344 |
| 8 | 17 | 329 | 305 | 634 |
| 9 | 13 | 279 | 296 | 575 |
| 10 | 13 | 291 | 306 | 597 |
| **ആകെ** | **64** | **1279** | **1261** | **2540** |

## 2024 – 2025 വർഷത്തെ റിസൾട്ട് അവലോകനം

### എസ്.എസ് .എൽ.സി

**ആകെ കുട്ടികൾ : 621**

| SUBJECT | A+ | A | B+ | B | C+ | C | D+ |
|---|---|---|---|---|---|---|---|
| First Language (Paper I) | 436 | 93 | 42 | 38 | 10 | 2 | 0 |
| First Language (Paper II) | 486 | 80 | 33 | 11 | 7 | 3 | 1 |
| English | 214 | 88 | 92 | 104 | 91 | 27 | 5 |
| Hindi | 253 | 82 | 115 | 90 | 57 | 24 | 0 |
| Social Science | 258 | 66 | 74 | 77 | 80 | 58 | 8 |
| Physics | 180 | 64 | 66 | 75 | 116 | 103 | 17 |
| Chemistry | 295 | 62 | 73 | 97 | 54 | 34 | 6 |
| Biology | 247 | 63 | 67 | 79 | 101 | 55 | 9 |
| Mathematics | 241 | 63 | 66 | 66 | 106 | 66 | 13 |
| IT | 426 | 157 | 36 | 2 | 0 | 0 | 0 |

**PLUS TWO – ആകെ കുട്ടികൾ : 324**

| GROUP | ATTENDED | EHS | NHS | FULL A+ | % |
|---|---|---|---|---|---|
| SCIENCE | 129 | 120 | 9 | 24 | 93.02% |
| HUMANITIES | 66 | 61 | 5 | 6 | 92.42% |
| COMMERCE | 129 | 118 | 11 | 6 | 91.47% |

## നേട്ടങ്ങൾ / മികവുകൾ

*കണ്ണൂർ ജില്ലയിലെ സർക്കാർ വിദ്യാലയങ്ങളിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയം.

*SSLC,PLUS TWO,USS,NMSS പരീക്ഷകളിൽ മികച്ച വിജയം.

*സ്കൂൾ കാര്യങ്ങളിൽ താല്പര്യത്തോടെ പ്രവർത്തിക്കുന്ന പി ടി എ.

*സ്കൂൾ വികസനത്തിൽ സജ്ജീവ താല്പര്യം കാണിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ – ജില്ലാപഞ്ചായത്ത്.

*സ്കൂൾ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ കാണിക്കുന്ന ജനപ്രതിനിധികൾ,എം.പി,
എം എൽ എ ,പഞ്ചായത്ത് അംഗങ്ങൾ.

*കുട്ടികളുടെ പഠന കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ പുലർത്തുന്ന രക്ഷിതാക്കൾ, നാട്ടുകാർ, പൂർവ്വ വിദ്യാർത്ഥികൾ

*ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന അധ്യാപക,അദ്ധ്യാപകേതര ജീവനക്കാർ.

*മികച്ച സാമൂഹ്യ പിന്തുണ.

*അക്കാദമിക മുന്നേറ്റം ലക്ഷ്യം വച്ചുള്ള ആസൂത്രണവും പ്രവർത്തനവും.

*കലാ - കായിക - ശാസ്ത്ര മേളകളിലെ തിളക്കമാർന്ന വിജയം.

## പരിമിതികൾ :

*ആധുനിക രീതിയിലുള്ള ക്ലാസ് മുറികളുടെ അഭാവം.

*ഉച്ചഭക്ഷണം കഴിക്കാനുള്ള ഊട്ടുപുരയിൽ ഫർണിച്ചറുകളുടെ അഭാവം.

*കലാ-കായിക മികവിന് ആവശ്യമായ ഉപകരണങ്ങളുടെ കുറവ്.ഇൻഡോർ, ഔട്ട് ഡോർ ഗെയിം പരിശീലന സജ്ജീകരണങ്ങളുടെ കുറവ്

*കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്‌ലറ്റ് സൗകര്യങ്ങൾ കുറവാണ്.

*കമ്പ്യൂട്ടറുകളും,അനുബന്ധ ഉപകരണങ്ങളും കുറവാണ്.(ആദ്യ ഘട്ടത്തിൽ ലഭിച്ച ഉപകരണങ്ങൾക്ക് തകരാറുകൾ ഉണ്ടായി )

# <u>അക്കാദമിക് പ്രവർത്തന ലക്ഷ്യങ്ങൾ</u>

*SSLC, PLUSTWO പരീക്ഷകളിൽ മുഴുവൻ കുട്ടികളെയും ഉയർന്ന നിലവാരത്തിൽ ജയിപ്പിക്കുക.

* ഓരോ കുട്ടിയുടെയും കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് പഠന മുന്നേറ്റത്തിന് അവസരമൊരുക്കുക.

*അക്കാദമിക് പ്രവർത്തനങ്ങൾക്ക് സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക.

*മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ് , ഹിന്ദി ഭാഷകൾ കൈകാര്യം ചെയ്യാനുള്ള കഴിവ് (എഴുത്ത്, വായന ,സംസാരം) ആർജ്ജിക്കുക.

*ശാസ്ത്ര-ഗണിത ശാസ്ത്ര വിഷയങ്ങളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക.

*പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്ക് പഠന പിന്തുണ നൽകുക.
*ഭിന്നശേഷി സൗഹൃദ വിദ്യാലയം ആക്കുക.

*പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് യാഥാർഥ്യമാക്കുമാക.ഗ്രീൻ ക്യാമ്പസ് - ക്ലീൻ ക്യാമ്പസ് പദ്ധതി നടപ്പിലാക്കുക.

*കല - കായിക രംഗത്തും ശാസ്ത്രമേളകളിലും നേട്ടം കൈവരിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.

* സമഗ്രഗുണമേന്മപദ്ധതിയുടെ ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുക.

## സമഗ്ര ഗുണമേന്മ പദ്ധതി ലക്ഷ്യങ്ങൾ

*അക്കാദമിക് പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പ വരുത്തുക.

*മൂല്യനിർണ്ണയരീതി പരിഷ്കരിച്ച് സമഗ്രമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പ വരുത്തുക.

*ജനകീയ പിന്തുണയോടെ അക്കാദമിക് മികവ് ഉയർത്തുക.

*ഓരോ ക്ലാസ്സിലും അതാത് വിഷയത്തിന് പാഠ്യ പദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പ വരുത്തുക.

*എല്ലാ ക്ലാസ്സിലും പഠന പിന്തുണാ സംവിധാനം ഉറപ്പാക്കുക.

*സ്കൂൾ തുറന്ന് രണ്ടാഴ്ച കാലം പഠനത്തിന്റെ തുടർച്ച ഉറപ്പാക്കുന്ന ബ്രിഡ്ജിങ് സംവിധാനം കുട്ടികൾക്ക് ലഭ്യമാകണം.

*ലഹരിക്കെതിരെയുള്ള പ്രതിരോധം,ട്രാഫിക് നിയമങ്ങൾ, ശുചിത്വം ,മാലിന്യ സംസ്കരണം, ആരോഗ്യശീലങ്ങൾ, ഡിജിറ്റൽഅച്ചടക്കം,പൊതുമുതൽ സംരക്ഷണം പരസ്പരസഹകരണം തുടങ്ങിയ കാര്യങ്ങളെ കുറിച്ച് കുട്ടികൾക്ക് അവബോധം ഉണ്ടാക്കുക.

.......................................................................

# U P വിഭാഗം

## മലയാളം :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല/ വിഭവങ്ങൾ |
|---|---|---|---|
| 1.ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക. | PRE -TEST<br>* അക്ഷരം ഉറപ്പിക്കുക.<br>*അടയാളം ഉറപ്പിക്കുക.<br>*അക്ഷരകാർഡ്.<br>*വാക്കുകൾ എഴുതിയ കാർഡ്.<br>*വാക്കുകൾ,വാക്യങ്ങൾ എന്നിവ നിർമ്മിക്കൽ.<br>*ചിത്രം - അടിക്കുറിപ്പ്.<br>*ചിത്രം - കഥ പറയൽ.<br>*കഥ -ബാക്കി എഴുതൽ.<br>*കഥ പുസ്തകം നൽകൽ.<br>*ഭാഷപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്. | 3 മാസം<br>ജൂൺ -ആഗസ്ത് | മലയാളം അധ്യാപകർ |
| 2. പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പാക്കൽ. | *പത്രം ,ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശേഷി വളർത്തുകയും ചെയ്യുക . | എല്ലാ ദിവസവും | മലയാളം അധ്യാപകർ ചെറിയ വാക്കുകൾ എഴുതിയ ചാർട്ട് അക്ഷരമാല ചാർട്ട് |
| 3.കുട്ടിയെ മികച്ച വായനക്കാരനാക്കുക. | *ക്ലാസ് വായനകൂട്ടം രൂപീകരിക്കുക .<br>*ക്ലാസ് ലൈബ്രറി രൂപീകരിക്കുക.<br>*വായനോത്സവം സംഘടിപ്പിക്കുക.<br>*പുസ്തക ചർച്ച , വായന | 6 മാസം | മലയാളം അധ്യാപകർ , വിദ്യാരംഗം കൺവീനർ |

| | | | |
|---|---|---|---|
| | കുറിപ്പ് ,പതിപ്പ്തയ്യാറാക്കൽ.<br>*വായനാനുഭവം പങ്കു വയ്ക്കൽ.<br>*ദിനാചരണങ്ങൾ. | | |
| 4.സാഹിത്യ കൃതികളോടും സാഹിത്യ കാരന്മാരോടുമുള്ള അനുകൂലമനോഭാവം വളർത്തുക വഴി കുട്ടികളിൽ സർഗ്ഗശേഷി വളർത്തൽ. | സാഹിത്യകാരന്മാർ, കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദവും സംഘടിപ്പിക്കുക. | വർഷത്തിൽ രണ്ടു പ്രാവശ്യം | മലയാളം അധ്യാപകർ വിദ്യാരംഗം കൺവീനർ. |
| 5.കുട്ടികളുടെ കലാവാസന പരിപോഷിപ്പിക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ച, ലഘു നാടകങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാൻ അവസരം നൽകുക . | അക്കാദമിക് വർഷം | മലയാളം അധ്യാപകർ , വിദ്യാരംഗം കൺവീനർ. |

## ഇംഗ്ലീഷ് :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / വിഭവങ്ങൾ |
|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് വായിക്കാനും, അനായാസം സംസാരിക്കാനും അവസരം ഒരുക്കുക. | *ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു.<br>*ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരം നല്കാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു.<br>*ഇംഗ്ലീഷ് റേഡിയോ വാർത്തകൾ കേൾപ്പിക്കുന്നു.<br>*ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് അവസരം നൽകുന്നു. | 3 മാസം | ഇംഗ്ലീഷ് ടീച്ചർ<br>റേഡിയോന്യൂസ്<br>ഇംഗ്ലീഷ് പത്രങ്ങൾ |
| 2.ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | *വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു.<br>*തെറ്റുകൂടാതെ വായിക്കാൻ അവസരം നൽകുന്നു.<br>*Reading corner രൂപീകരിക്കുന്നു. | എല്ലാമാസവും | ഇംഗ്ലീഷ് ടീച്ചർ<br>പ്ലക്കാർഡ്<br>books |
| 3.തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | *കുട്ടികളുടെ കലാസൃഷ്ടികൾ ഉൾപ്പെടുത്തി ക്ലാസ്സ് മാഗസിൻ തയ്യാറാക്കുന്നു.<br>*കുട്ടികൾ തയ്യാറാക്കിയ സൂചന ബോർഡുകൾ, പോസ്റ്ററുകൾ ,നോട്ടീസുകൾ എന്നിവ ക്ലാസ് റൂമിൽ പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് ടീച്ചർ<br>സൈൻ ബോർഡുകൾ<br>പോസ്റ്ററുകൾ<br>നോട്ടീസുകൾ |

## ഹിന്ദി :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / വിഭവങ്ങൾ |
|---|---|---|---|
| 1.എല്ലാ കുട്ടികളെയും അക്ഷരം പഠിപ്പിക്കുക. | അഞ്ചാം ക്ലാസ്സിൽ ആദ്യമായി ഹിന്ദി പഠിക്കുന്ന കുട്ടികളെ ചെറിയ വാക്കുകളിലൂടെ അക്ഷരങ്ങളിലേക്ക് എത്തിക്കുക.<br>6 ,7 ക്ലാസ്സിലെ അക്ഷരം അറിയാത്ത കുട്ടികൾക്ക് മലയാളത്തിലും ഹിന്ദിയിലും അക്ഷരമാല എഴുതികൊടുത്ത് അവരെക്കൊണ്ട് ബോർഡിൽ എഴുതിപ്പിക്കുകയും കോപ്പി എഴുതിക്കുകയും ചെയ്യുക. ഓരോ അക്ഷരങ്ങൾകൊണ്ട് വാക്കുകൾ ഉണ്ടാക്കുക. | 3 മാസം | ടീച്ചർ ചെറിയ വാക്കുകൾ എഴുതിയ ചാർട്ട് അക്ഷരമാല ചാർട്ട് |
| 2. വായനാ ശേഷി വർദ്ധിപ്പിക്കൽ. | പാഠപുസ്തകങ്ങളിലെ ചെറിയ വാക്യങ്ങൾ വായിപ്പിക്കുകയും അറിയാത്ത വാക്കുകൾ ബോർഡിൽ എഴുതി വായിക്കാൻ അവസരം കൊടുക്കുന്നു.<br>റീഡിങ് ടെസ്റ്റ് നടത്തുന്നു. | 4 മാസം | പാഠപുസ്തകം |
| 3 .സാഹിത്യാഭിരുചി ഉണ്ടാക്കൽ. | കുട്ടികളെ ക്ലബ്ബ് പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. | ജൂൺ മാസം | ചെറുതും ലളിതവുമായ സചിത്ര ഹിന്ദി കഥ പുസ്തകങ്ങൾ |

| | | | |
|---|---|---|---|
| 4 . ഹിന്ദിയിൽ ആശംസാകാർഡ് നിർമ്മിക്കൽ. | ഓരോ കുട്ടിക്കും ആശംസാകാർഡ് നിർമ്മിക്കുവാനും പോസ്റ്റർ ഉണ്ടാക്കുവാനുമുള്ള അവസരം നൽകുന്നു.<br>ക്ലബ്ബ്യുമായി ബന്ധപ്പെടുത്തി അതിന്റെ പ്രദർശനം നടത്തുന്നു. | 2 മാസം | അദ്ധ്യാപകർ |
| 5.ഹിന്ദി മാഗസിൻ നിർമ്മാണം.<br><br>ക്ലബ്ബ് രൂപീകരണ പ്രവർത്തനങ്ങൾ. | ഓരോ കുട്ടിക്കും അവരുടെ സൃഷ്ടികൾ മാഗസിനിൽ ഉൾപ്പെടുത്താൻ അവസരം നൽകുന്നു'<br>വിവിധ ഭാഷ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുന്നു. | ഹിന്ദി ദിനാചരണങ്ങൾ. ക്ലബ്ബ് പ്രവർത്തനം<br><br>വിവിധ മൽസരങ്ങൾ | അദ്ധ്യാപകർ |
| 6 . ക്ലബ്ബ് പ്രവർത്തനത്തിലൂടെ ഭാഷാശേഷി വികസിപ്പിക്കുക. | ഹിന്ദി പത്രങ്ങൾ വായിക്കുക.<br>ഹിന്ദി കവിതാലാപനം.<br>നാടകാവതരണം. | 2 മാസം | അദ്ധ്യാപകർ |
| 7.സുരീലി ഹിന്ദിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക. | സുരീലി ഹിന്ദിയുമായി ബന്ധപ്പെട്ട് പഠിച്ച കാര്യങ്ങൾ അവതരിപ്പിയ്ക്കാൻ ഓരോ കുട്ടിക്കും അവസരം നൽകുക.<br>കുട്ടികൾക്ക് ഹിന്ദി ഭാഷയോട് താല്പര്യം ഉണ്ടാക്കുക. | 1 മാസം | അദ്ധ്യാപകർ |

## അറബിക് :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / വിഭവങ്ങൾ |
|---|---|---|---|
| 1. മുഴുവൻ കുട്ടികൾക്കും അറബിക് അക്ഷരങ്ങളും വാക്കുകളെയും ആശയങ്ങളും ഉറപ്പിക്കുക. | അക്ഷരമാല , കൂട്ടക്ഷരങ്ങൾ, അക്ഷരങ്ങൾ ക്രമീകരിച്ച് വാക്കുകളും ,വാക്കുകൾ ക്രമീകരിച്ച് വാക്യങ്ങളും നിർമ്മിക്കുന്നു. | ജൂൺ, ജൂലൈ ഓഗസ്റ്റ് | ചാർട്ടുകൾ ഫ്ലാഷ് കാർഡുകൾ ടെക്സ്റ്റ് അദ്ധ്യാപകർ |
| 2.എഴുത്തും വായനയും ശരിയായ രൂപത്തിൽ പരിശീലിക്കുക. | നോക്കിയെഴുത്ത് കേട്ടെഴുത്ത് എന്നിവ നൽകുന്നു. | ജൂലൈ | ചാർട്ടുകൾ ടെക്സ്റ്റ് അദ്ധ്യാപകർ |
| 3.കുട്ടികളുടെ സർഗ്ഗ വാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുക. | അറബിക് ക്ലബ് രൂപീകരണം. കലാ സാഹിത്യ സൃഷ്ടികളുടെ അവതരണം. | ജൂൺ, | അദ്ധ്യാപകർ |
| 4.അറബിക് ഭാഷയിലും സാഹിത്യത്തിലും പൊതു വിജ്ഞാനത്തിലും അറിവ് വർദ്ധിപ്പിക്കുക. | സ്കൂൾ തല അറബിക് ടാലന്റ് സെർച് ടെസ്റ്റുകൾ , ക്വിസ് മത്സരങ്ങൾ . | ജൂലൈ സെപ്റ്റംബർ | ചാർട്ടുകൾ ടെക്സ്റ്റ് അദ്ധ്യാപകർ |
| 5.കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുക. | സ്കൂൾ തല കലോത്സവം. | സെപ്റ്റംബർ ഒക്ടോബർ | S R G |
| 6. അറബിക് ഭാഷയുടെ പ്രാധാന്യം പ്രചരണം. | അന്താരാഷ്ട്ര അറബിക് ഭാഷ ദിനാചരണം ക്വിസ് , പോസ്റ്റർ പ്രദർശനം. | ഡിസംബർ | അറബിക് ക്ലബ്ബ് ,S R G |
| 7.പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നിൽ എത്തിക്കുക. | പ്രത്യേക പരിശീലനം, പരീക്ഷകൾ | ജനുവരി ഫെബ്രുവരി | S R G |

## അടിസ്ഥാന ശാസ്ത്രം :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / വിഭവങ്ങൾ |
|---|---|---|---|
| 1.കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തിയെടുക്കുക. | ആനുകാലിക സംഭവങ്ങളെ ശാസ്ത്രീയമായി വിശദീകരിച്ചു കൊടുക്കുന്നു,<br>സയൻസ്സ് ടോക്ക് ,<br>വിദഗ്ധരുടെ ക്ലാസുകൾ. | ജൂൺ - ജൂലൈ | SRG<br>അദ്ധ്യാപകർ |
| 2.നിരീക്ഷണം<br>പരീക്ഷണം<br>നിഗമനത്തിൽ എത്തിച്ചേരൽ തുടങ്ങിയ നൈപുണികളിൽ എത്തിച്ചേരുക. | പാഠഭാഗങ്ങളിൽ ഉള്ളതും അനുബന്ധമായി വരുന്നതുമായ പരീക്ഷണം ചെയ്യാൻ കുട്ടികൾക്ക് അവസരം നൽകുന്നു.<br>പഠനോപകരണങ്ങളുടെ പ്രദർശനം.<br>പരീക്ഷണക്കുറിപ്പുകൾ.<br>ശാസ്ത്രമാഗസിൻ. | സെപ്റ്റംബർ ഒക്ടോബർ | അദ്ധ്യാപകർ |
| 3.ലക്ഷ്യബോധത്തിന്റെയും മനോവീര്യത്തിന്റെയും പ്രാധാന്യം മനസ്സിലാക്കി പ്രചോദനം ഉൾക്കൊള്ളുക. | ശാസ്ത്രജ്ഞരുടെ ജീവചരിത്രം. വായിക്കുന്നു.<br>ശാസ്ത്ര ലൈബ്രറി സജ്ജീകരിക്കുന്നു. | സെപ്റ്റംബർ ഒക്ടോബർ | അദ്ധ്യാപകർ<br>ശാസ്ത്ര ലൈബ്രറി |
| 4.വിമർശനാത്മക വിശകലനശേഷി കൈവരിക്കുന്നു. | *ശാസ്ത്ര രംഗത്തിലെ മുന്നേറ്റങ്ങളുടെയും പുതിയ സാങ്കേതിക വിദ്യയുടെയും വീഡിയോകൾ കാണിക്കുന്നു.<br>*കുട്ടികളുടെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>*ശാസ്ത്രം സുസ്ഥിര വികസനത്തിന് എന്ന കാഴ്ചപ്പാട് അവതരിപിപ്പിക്കുന്നു. | നവംബർ ഡിസംബർ | വീഡിയോ |

| | | | |
|---|---|---|---|
| 5.ശാസ്ത്ര തത്വങ്ങൾ നിത്യ ജീവിതത്തിൽ പ്രയോഗിക്കാനുള്ള കഴിവ് നേടൽ. | ശാസ്ത്ര തത്വങ്ങൾ പ്രായോഗിക തലത്തിൽ വരുന്ന സന്ദർഭങ്ങൾ ചർച്ച ചെയ്യുന്നു. | നവംബർ ഡിസംബർ | SRG അദ്ധ്യാപകർ |
| 6.കുട്ടിശാസ്ത്രജ്ഞരെ വളർത്തിയെടുക്കൽ. | *വീട്ടിൽ ഒരു പരീക്ഷണ സല ഒരുക്കുക.<br>*പുതിയ പരീക്ഷണങ്ങളും പ്രൊജെക്ടുകളും ചെയ്യാൻ ആവശ്യമായ നൽകുന്നു.<br>Improvised experiments ചെയ്യുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ലഭിക്കുന്നു.<br>*ഇൻസ്പയർ,ബാലശാസ്ത്ര കോൺഗ്രസ്,ശാസ്ത്രമേളകൾ എന്നിവയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുന്നു.<br>*ചോദ്യങ്ങൾ ഉന്നയിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | ജൂൺ - ജൂലൈ സെപ്റ്റംബർ ഒക്ടോബർ | SRG അദ്ധ്യാപകർ |
| 7. ശാസ്ത്രമേഖലയിൽ കാലികമായ അറിവ് നേടൽ. | യുറീക്ക ,ശാസ്ത്രകേരളം തുടങ്ങിയ ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ മത്സരങ്ങളും സെമിനാറുകളും സംഘടിപ്പിക്കുക. | സെപ്റ്റംബർ ഒക്ടോബർ | SRG അദ്ധ്യാപകർ |
| 8.തൊഴിലധിഷ്ഠിത ശാസ്ത്ര വിദ്യാഭ്യാസം സാധ്യമാക്കുക . | സോപ്പ് നിർമ്മാണം , ഭക്ഷ്യ സംസ്കരണം ,ജൈവ കീടനാശിനി നിർമ്മാണം ടേബിൾ ലാമ്പ് നിർമ്മാണം ,എന്നീ മേഖലകളിൽ പരിശീലനമാ നൽകുക. | ഡിസംബർ , ജനുവരി | അദ്ധ്യാപകർ |
| | | | |

## സാമൂഹ്യ ശാസ്ത്രം :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1.സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ. | *സാമൂഹ്യശാസ്ത്ര അറിവുകൾ പരിശോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>*ഓർമ്മച്ചെപ്പ് _ അന്തർദേശീയം മുതൽ ജില്ലാതലം വരെയുള്ള നദികൾ , ഭൂപ്രകൃതികൾ. തലസ്ഥാനങ്ങൾ തുടങ്ങിയവയെ കുറിച്ചുള്ള മെമ്മറി ടെസ്റ്റ്. | ജൂൺ | സമൂഹിക ശാസ്ത്രാധ്യാപകർ |
| 2.കുട്ടികളെ ചരിത്രാവബോധം ഉള്ളവരാക്കി തീർക്കുക. | ഐ സി ടി സാധ്യതകൾ ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം.<br>Virtual Feild trip. | ജൂൺ | സമൂഹിക ശാസ്ത്രാധ്യാപകർ |
| 3.ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ ,വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുക്കൽ. | സെപ്റ്റംബർ ഒക്ടോബർ | സമൂഹിക ശാസ്ത്രാധ്യാപകർ |
| 4.സുസ്ഥിര വികസന കാഴ്ചപ്പാടുകൾ രൂപപ്പെടുത്തുക. | കാവുകൾ , കണ്ടൽക്കാടുകൾ , തണ്ണീർ തടങ്ങൾ , ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കൽ. | സെപ്റ്റംബർ ഒക്ടോബർ | സമൂഹിക ശാസ്ത്രാധ്യാപകർ |
| 5.പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുക. | പൊതു വിജ്ഞാനം വളർത്തുന്ന ചോദ്യോത്തരവേളകൾ ,ക്ലാസുകൾ എന്നിവ സംഘടിപ്പിക്കൽ. | ഡിസംബർ , ജനവരി | സമൂഹിക ശാസ്ത്രാധ്യാപകർ |

## ഗണിതം :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1.കുട്ടികൾക്ക് ഗണിതത്തോടുള്ള താല്പര്യം ഉണ്ടാക്കിയെടുക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് ദൃശ്യ -ശ്രവ്യ പഠനോപകരണങ്ങൾ ഉപയോഗിക്കുക.<br>ഗണിത പഠനത്തിന്റെ ആവശ്യകതയെ കുറിച്ച് കുട്ടികളെ ബോധ്യപ്പെടുത്തുക. | ജൂൺ - ജൂലൈ | ഗണിതാധ്യാപകർ |
| 2.അടിസ്ഥാന ചതുഷ്ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക. | *ക്ലാസ്സുകളിൽ ചതുഷ്ക്രിയയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ കുട്ടികൾക്ക് നൽകി അവരുടെ ചതുഷ്ക്രിയ ശേഷി അളക്കുന്നു.<br>*ചതുഷ്ക്രിയയുമായി ബന്ധപ്പെട്ട ഗെയിമുകൾ ആസൂത്രണം ചെയ്യുക.<br>അതുവഴി ചതുഷ്ക്രിയകൾ ചെയ്യുന്നതിന് തീവ്ര പരിശീലനം നൽകുക. | ജൂൺ - ജൂലൈ | ഗണിതാധ്യാപകർ |
| 3.സംഖ്യകളോടുള്ള ഇഷ്ടം വർധിപ്പിക്കുക | കളികളികളിലൂടെ സംഖ്യകൾ എന്ന ആശയം ആകർഷകമാക്കുക<br>ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തുക | ഒരു മാസത്തിൽ ഒരു പീരീഡ് | ഗണിതാധ്യാപകർ |
| 4.ജാമിതീയ രൂപങ്ങൾ വരയ്ക്കുന്നതിനും നിർമ്മിക്കുന്നതിനും പ്രപ്തരാക്കുക. | ലോകപ്രശസ്തമായ സ്മാരകങ്ങളുടെയും കെട്ടിടങ്ങളുടെയും മാതൃക കാണിക്കുക.<br>അത്തരം മാതൃകകൾ നിർമ്മിക്കുന്നതിനു പ്രേരണ നൽകുക.<br>ജ്യോമെട്രിക് പാറ്റേൺ വരയ്ക്കുന്നതിന് പരിശീലനം നൽകുക .<br>ഗണിത രൂപങ്ങളുടെ സൗന്ദര്യം കുട്ടികളെ പരിചയപ്പെടുത്തുക .<br>ജിയോജിബ്ര സാധ്യതകൾ | ഒരു മാസത്തിൽ ഒരു ദിവസം | ഗണിത ക്ലബ് കൺവീനർ |

| | | | |
|---|---|---|---|
| | പ്രയോജനപ്പെടുത്തുക . ശില്പശാലകൾ സംഘടിപ്പിക്കുക. | | |
| 5.സംഖ്യ പാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുക. | ക്ലാസ്സ്മുറികളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട സഖ്യ പാറ്റേണുകൾ നൽകുന്നു. | ഒരു മാസത്തിൽ ഒരു പീരീഡ് | ഗണിതാധ്യാപകർ |
| 6.ഗണിതാശയങ്ങളെ അപഗ്രഥിക്കുന്നതിനും വ്യഖ്യാനിക്കുന്നതിനുമുള്ള കഴിവ് കുട്ടികളിൽ വളർത്തിയെടുക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രൊജക്റ്റ് നൽകുന്നു. | ഒരു ദിവസം | ഗണിതാധ്യാപകർ |
| 7.കുട്ടികൾ സ്വന്തമായി വർക്ക് ഷീറ്റുകൾ നിർമ്മിക്കുകയൂം ക്ലാസ്സി അവതരിപ്പിക്കുകയും ചെയ്യുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ നിർമ്മിക്കുക. | ഒരു മാസത്തിൽ ഒരു പീരീഡ്. | ഗണിതാധ്യാപകർ. |

## കലാ - കായിക വിദ്യാഭ്യാസം (HS/UP):

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1. കുട്ടികളുടെ കലാസ്വാദനശേഷി വികസനം. | കലാസ്വാദന ശില്പശാല ചിത്രം ,ശില്പം, സംഗീതം നൃത്തം ,നാടകം സിനിമ ആസ്വാദന ശില്പശാല. | അക്കാദമിക വർഷം | ചിത്രകലാദ്ധ്യാപകൻ സംഗീതദ്ധ്യാപിക. |
| 2.കുട്ടികളുടെ സ്വതന്ത്ര കലാസൃഷ്ടി ,നിർമ്മാണശേഷി വികസനം. | സ്വതന്ത്ര രചനശേഷി വികസനപരിശീലന ക്ലാസുകൾ.<br>വിവിധകലാരൂപങ്ങളുടെ അടിസ്ഥാന തത്വങ്ങളുടെ പരിശീലനം.<br>സംഗീതത്തിന്റെ അടിസ്ഥാന തത്വങ്ങളുടെ പരിശീലനം. | ജൂൺ - ജൂലൈ | ചിത്രകലാദ്ധ്യാപകൻ സംഗീതദ്ധ്യാപിക |
| 3.സമൂഹ കേന്ദ്രിത കലാപ്രവർത്തനങ്ങൾ. | വിവിധ കലാരൂപങ്ങളുടെ സാമൂഹിക പശ്ചാത്തലം മനസിലാക്കുക.<br>പ്രാദേശിക കലാകാരന്മാരുമായുള്ള സംവാദം.<br>പ്രാദേശിക കലകൾ പരിചയപെടുന്നതിനുള്ള പഠനയാത്രകൾ. | ജനവരി (രണ്ടു ദിവസം) | അദ്ധ്യാപകർ |
| 4.കുട്ടികളുടെ ക്രിയാത്മക സർഗ്ഗശേഷി വികസനവും സഹകരണ മനോഭാവവും. | കുട്ടികളുടെ സ്വതന്ത്ര സൃഷ്ടികളുടെ പ്രദർശനം. പങ്കുവയ്ക്കൽ. | 3 മാസത്തിൽ ഒരിക്കൽ | അദ്ധ്യാപകർ |
| 5. കുട്ടികളുടെ കായികാരോഗ്യവും മാനസികാരോഗ്യവും മെച്ചപ്പെടുത്തൽ. | സൂമ്പ ഡാൻസ്, യോഗ തുടങ്ങിയവ നടത്തുന്നു. | മാസത്തിൽ ഒരിക്കൽ | കായികാധ്യാപകൻ |
| 6.വിവിധ കായിക ഇനങ്ങളിൽ പങ്കെടുക്കാൻ പ്രാപ്തി നേടൽ. | അത്‌ലറ്റിക്സ് , മറ്റു ഗെയ്മുകൾ (ഫുട്ബോൾ ,ബാസ്കറ്റ് ബോൾ, ക്രിക്കറ്റ് , ഖൊ-ഖൊ) തുടങ്ങിയവ പരിശീലിപ്പിക്കക | ജൂൺ മുതൽ മാർച്ച് വരെ | കായികാധ്യാപകൻ |

| | | | |
|---|---|---|---|
| | | | |

# ഹൈസ്കൂൾ വിഭാഗം

## മലയാളം :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / വിഭവങ്ങൾ |
|---|---|---|---|
| 1 ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | പ്രീ ടെസ്റ്റ്.<br>അക്ഷരം ഉറപ്പിക്കൽ.<br>അടയാളം ഉറപ്പിക്കൽ.<br>അക്ഷരകാർഡ് നൽകൽ.<br>വാക്കുകൾ എഴുതിയ കാർഡ് നൽകൽ.<br>വാക്കുകൾ നിർമ്മിക്കൽ.<br>ചിത്രം - അടിക്കുറിപ്പ്.<br>ചിത്രം - കഥ എഴുതൽ.<br>ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്. | 6 മാസം | അധ്യാപകർ, പുസ്തകങ്ങൾ ചിത്രങ്ങൾ |
| 2.മുഴുവൻ കുട്ടികൾക്കും അർഥപൂർണമായ വായന ഉറപ്പാക്കൽ. | വായന മത്സരം സംഘടിപ്പിക്കുന്നു. | ജൂൺ ജൂലൈ | അധ്യാപകർ, പുസ്തകങ്ങൾ. |
| 3.കുട്ടിയെ മികച്ച വായനക്കാരനാക്കുക. | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ.<br>സ്കൂൾ ലൈബ്രറി നവീകരിക്കൽ.<br>സമീപ ഗ്രന്ഥശാലകളിൽ അംഗത്വം എടുക്കൽ.<br>വയലോത്സവം സംഘടിപ്പിക്കൽ.<br>പത്ര വായന.<br>പുസ്തക ചർച്ച.<br>വായനാനുഭവം.<br>വായനകുറിപ്പ്, പതിപ്പ്.<br>വിദ്യാരംഗം പ്രവർത്തനം.<br>സാഹിത്യകാരന്മാരുമായുള്ള അഭിമുഖം.<br>ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന. | 6 മാസം | ക്ലസ് ലൈബ്രറി.<br>സ്കൂൾ ലൈബ്രറി.<br>പത്രങ്ങൾ .<br>ആനുകാലിക.<br>പ്രസിദ്ധീകരണങ്ങൾ ,<br>ഇന്റർനെറ്റ്<br>എസ് ആർ ജി<br>പി ടി എ |

| | | | |
|---|---|---|---|
| **4.എല്ലാ കുട്ടികളകളിലും സാഹിത്യാഭിരുചി വളർത്തൽ.** | **എഴുത്തുകൂട്ടം.<br>പുസ്തക ചർച്ച.<br>വായനകുറിപ്പ്, ചർച്ച.<br>വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ.<br>ചുമർ പത്രിക പതിപ്പ് തയ്യാറാക്കൽ.<br>വ്യക്തിഗത രചന.<br>പുസ്തകം തയ്യാറാക്കൽ.** | **6** മാസം | **അധ്യാപകർ, പുസ്തകങ്ങൾ ക്ലസ് ലൈബ്രറി സ്കൂൾ ലൈബ്രറി പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ.** |
| **5.സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തമാക്കുക.** | **പ്രസംഗ പരിശീലന കളരി.<br>വിവിധ വിഷയങ്ങളെ അധികരിച്ച് പ്രസംഗം തയ്യാറാക്കുക.<br>മികച്ച പ്രസംഗങ്ങളുടെ വീഡിയോ കേൾപ്പിക്കുക.<br>പ്രസംഗത്തിനുള്ള അവസരം ഒരുക്കുക.** | **6** മാസം | **ഓഡിയോ വീഡിയോ** |

**ENGLISH:**

| **Objectives** | **Activities** | **Period** | **Resources** |
|---|---|---|---|
| 1. Improve listening skills. | Introducing podcast on various subject.<br>Video lessons.<br>Ted talks.<br>Victers classes.<br>Language games.<br>Describing the photos.<br>Pair conversation. | June<br>July | Visual aids<br>Audio books<br>Text books<br>Newspapers<br>Movies<br>Meeting<br>Scholars<br>Seminar<br>Webinars<br>Work shops |
| 2.To enhance speaking skills. | Jam.<br>Group discussion.<br>Debate.<br>Role Play.<br>Interviews.<br>Skit.<br>Drama.<br>Recitation. | August<br>October | |
| 3.Enriching reading skill. | News reading.<br>Class library.<br>Introducing quotes and thoughts. | November | |
| 4.Mastering writing skills. | Developing prompts and pictures.<br>Haiku<br>Caption writing<br>Story and poem | November<br>December | |

## ഹിന്ദി :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / വിഭവങ്ങൾ |
|---|---|---|---|
| 1.എല്ലാ കുട്ടികളെയും അക്ഷരം പഠിപ്പിക്കുക. | ക്ലാസ്സിൽ , ഹിന്ദിയിലും മലയാളത്തിലും അക്ഷരങ്ങൾ എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.<br>എഴുതാൻ ആവശ്യപ്പെടുന്നു. | ജൂൺ<br>ജൂലൈ | ടീച്ചർ<br>ചെറിയ വാക്കുകൾ എഴുതിയ ചാർട്ട്<br>അക്ഷരമാല ചാർട്ട് |
| 2. വായനാ ശേഷി വർദ്ധിപ്പിക്കൽ. | ചെറിയ വാക്യങ്ങൾ വായിപ്പിക്കുകയും അറിയാത്ത വാക്കുകൾ ബോർഡിൽ എഴുതി വായിക്കാൻ അവസരം കൊടുക്കുന്നു.<br>റീഡിങ് ടെസ്റ്റ് നടത്തുന്നു. | 4 മാസം | പാഠപുസ്തകം |
| 3 .സാഹിത്യാഭിരുചി ഉണ്ടാക്കൽ. | കുട്ടികളെ ക്ലബ്ബ് പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുക. | ജൂൺ<br>മാസം | ടീച്ചർ<br>ചെറുതും ലളിതവുമായ ഹിന്ദി കഥ പുസ്തകങ്ങൾ. |
| 4.ഹിന്ദി മാഗസിൻ നിർമ്മാണം.<br><br>ക്ലബ്ബ് രൂപീകരണ പ്രവർത്തനങ്ങൾ. | ഓരോ കുട്ടിക്കും അവരുടെ സൃഷ്ടികൾ മാഗസിനിൽ ഉൾപ്പെടുത്താൻ അവസരം നൽകുന്നു.<br>വിവിധ ഭാഷ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുന്നു.<br>ക്ലബ്ബ് പ്രവർത്തനം.<br>വിവിധ മൽസരങ്ങൾ. | ഹിന്ദി ദിനാചരണങ്ങൾ<br>സെപ്റ്റംബർ<br>ഒക്ടോബർ | അദ്ധ്യാപകർ |
| 5. ക്ലബ്ബ് പ്രവർത്തനത്തിലൂടെ ഭാഷാശേഷി വികസിപ്പിക്കുക. | ഹിന്ദി പത്രങ്ങൾ വായിക്കുക.<br>ഹിന്ദി പ്രസംഗം.<br>ഹിന്ദി കവിതാലാപനം .<br>നാടകാവതരണം .<br>ആഴചയിൽ ഒരിക്കൽ ഹിന്ദി. അസംബ്ലി . | ജൂൺ -<br>ഒക്ടോബർ | അദ്ധ്യാപകർ |

## സംസ്കൃതം :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / വിഭവങ്ങൾ |
|---|---|---|---|
| 1.സംസ്കൃത ഭാഷയിലുള്ള പിന്നോക്കാവസ്ഥ പരിഹരിക്കൽ. | അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നങ്ങളുടെ ശരിയായ ഉപയോഗം.<br>പദനിർമ്മാണം.<br>പദകേളി.<br>സംസ്കൃത സംഭാഷണ ക്ലാസ്സ്. | ജൂൺ മുതൽ ആറു മാസം | അദ്ധ്യാപകർ<br>അക്ഷര കാർഡ്<br>ചാർട്ട് |
| 2.സംസ്കൃത സാഹിത്യത്തോടും രചനകളോടും താല്പര്യം ഉണ്ടാക്കൽ. | ക്ലബ്ബ് രൂപീകരണം.<br>വായന.<br>അക്ഷരശ്ലോക മത്സരം.<br>സംസ്കൃത കലോത്സവ പ്രവർത്തനങ്ങൾ.<br>രചന മത്സരങ്ങൾ. | ജൂലൈ മുതൽ ആറു മാസം | അദ്ധ്യാപകർ<br>ലൈബ്രറി |
| 3.സംസ്കൃതം സംസാരിക്കാനുള്ള കഴിവുണ്ടാക്കുക. | സംസ്കൃത വാർത്തകൾ കാണാനും, കേൾക്കാനും അവസരം ഉണ്ടാക്കുക. | ആറു മാസം | അദ്ധ്യാപകർ |
| 4.ഐ ടി യിലൂടെ സംസ്കൃത പഠനം . | സംസ്കൃത സിനിമ കാണാൻ അവസരം.<br>സംസ്കൃത ഹ്രസ്വ ചിത്രങ്ങളിൽ അഭിനയിക്കുക. | ജൂൺ - ഒക്ടോബർ | അദ്ധ്യാപകർ |

## അറബിക് :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / വിഭവങ്ങൾ |
|---|---|---|---|
| 1.അറബി ഭാഷ വായിക്കാനുള്ള ശേഷി ഉണ്ടാക്കുക . സ്വതന്ത്ര വായനയ്ക്ക് കുട്ടിയെ പ്രാപ്തനാക്കുക. | വായിക്കാം വളരാം.<br>നിലവാര പഠനം.<br>വിശകലനം.<br>തുടർ വായന.<br>ആശയ വിവരണം.<br>വായന ഫെസ്റ്റ്. | ജൂൺ - ജനുവരി | അദ്ധ്യാപകർ |
| 2.ആശയവിനിമയ ത്തിനുള്ളശേഷി ഉണ്ടാക്കുക | കേൾക്കാം പറയാം<br>അറബിയിൽ സംസാരിക്കുക | ആഗസ്റ്റ് - ഡിസംബർ | അദ്ധ്യാപകർ |
| 3.അറബിക് നിഘണ്ടു ഉപയോഗിക്കാനും നിർമ്മിക്കാനും പ്രാപ്തനാക്കുക. | നിഘണ്ടു പരിചയപ്പെടൽ<br>എന്റെ നിഘണ്ടു - നിർമ്മാണം. | ജൂൺ - ജനുവരി | അദ്ധ്യാപകർ<br>ലൈബ്രറി |
| 4.പദസമ്പത്ത് വർധിപ്പിക്കൽ. ഭാഷയെ കൂടുതൽ അറിയൽ. | പദപയറ്റ്.<br>പദചങ്ങല നിർമ്മാണം. | ജൂൺ - ജനുവരി | അദ്ധ്യാപകർ |

## സാമൂഹ്യ ശാസ്ത്രം :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / വിഭവങ്ങൾ |
|---|---|---|---|
| 1.ചരിത്ര ബോധം സൃഷ്ടിക്കൽ. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ. | രണ്ടുമാസം | അദ്ധ്യാപകർ, ചരിത്ര സ്മാരകങ്ങൾ |
| 2.പ്രാദേശിക ചരിത്ര രചന | ഓരോ കുട്ടിയും അവര്ർഡ് പ്രദേശത്തിന്റെ ചരിത്രം തയ്യറാക്കുന്നു | രണ്ടുമാസം | ചരിത്ര പുസ്തകങ്ങൾ പ്രദേശവുമായി ബന്ധപ്പെട്ട വ്യക്തികൾ |
| 3.ജൈവ വൈവിധ്യ സംരക്ഷണം. | പരിസ്ഥിതി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.<br>ഔഷധ സസ്യങ്ങൾ നട്ടു വളർത്തുക ,പരിപാലിക്കുക ക | ഒരു വർഷം | അദ്ധ്യാപകർ |
| 4.ജനാധിപത്യബോധം സൃഷ്ടിക്കുക. | മോക്ക് പാർലിമെന്റ് സംഘടിപ്പിക്കുക. | ഒരു മാസം | അദ്ധ്യാപകർ |
| 5,അമിത ജനസംഖ്യയുടെദോഷം ബോധ്യപ്പെടുത്തുക. | ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുക. | ജൂലൈ | അദ്ധ്യാപകർ |
| 6.ചോദ്യ ബാങ്ക് തയ്യാറാക്കൽ. | വിവിധ വിഷയങ്ങളെ കുറിച്ചുള്ള ചോദ്യങ്ങൾ നിർമ്മിക്കുക. | ഒരു വർഷം | അദ്ധ്യാപകർ ലൈബ്രറി സ്കൂൾ ലൈബ്രറി |

## ഭൗതിക ശാസ്ത്രം:

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / വിഭവങ്ങൾ |
|---|---|---|---|
| 1.എല്ലാ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യാനും അവ ഫലപ്രദമായി പ്രയോഗിക്കാനുമുള്ള അവസരം ഉണ്ടാക്കുക. | ലാബ് ശാക്തീകരണം.<br>ഓരോ ക്ലാസ്സിലും നടത്തേണ്ട പരീക്ഷണങ്ങൾ പുസ്തകാധിഷ്ഠിതമായി പട്ടികപ്പെടുത്തുക.<br>കുട്ടികൾക്ക് നേതൃത്വപരിശീലനം നൽകുന്നു.<br>സെമിനാർ.<br>സ്ഥാപനങ്ങളിലെ സന്ദർശനങ്ങൾ.<br>അഭിമുഖങ്ങൾ. | രണ്ടു മാസം | ശാസ്ത്രാധ്യാപകർ<br>പി ടി എ<br>വിഷയ സമിതി<br>ശാസ്ത്ര പ്രതിഭകൾ |
| 2.കുട്ടികളിലെ സർഗാത്മത വളർത്തി ശാസ്ത്രാന്വേഷികൾ ആക്കുക. | ശാസ്ത്രദിന പരിപാടികൾ..<br>ശാസ്ത്രമേളകൾ.<br>ഫീൽഡ് ട്രിപ്പുകൾ. | രണ്ടു മാസം | വിഷയ സമിതി,<br>ശാസ്ത്ര പ്രതിഭകൾ |
| 3.ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകത കുട്ടികളിലേക്ക് എത്തിക്കുക. | കെ എസ ഇ ബി അധികൃതരുടെ പ്രത്യേക ക്ലാസുകൾ.<br>സയൻസ് പ്രൊജക്ടുകൾ.<br>പോസ്റ്റർ നിർമ്മാണം<br>ക്വിസ് മത്സരങ്ങൾ.<br>ഡോക്യൂമെന്ററി പ്രദർശനം. | രണ്ടു മാസം | കെ എസ ഇ ബി അംഗങ്ങൾ ,<br>സയൻസ് ക്ലബ്ബ് അംഗങ്ങൾ.<br>ശാസ്ത്രാധ്യാപകർ |
| 4. ശാസ്ത്ര മാഗസീനിലൂടെ പുതിയ ശാസ്ത്ര അറിവുകൾ കുട്ടികളിലേക്ക് എത്തിക്കുക. ഭിന്നശേഷി കുട്ടികൾക്ക് അവസരം നൽകി കൊണ്ട് മാഗസിൻ നിർമ്മാണം നടത്തുക. | വിവരശേഖരണം.<br>ആസൂത്രണം.<br>എഡിറ്റിങ്.<br>ചിത്രരചന. | ഒരു മാസം | സയൻസ് ക്ലബ്ബ് അംഗങ്ങൾ,<br>ശാസ്ത്രാധ്യാപകർ |
| 5.പാഴ്വസ്തുക്കൾ കൊണ്ടുള്ള ശാസ്ത്ര ഉപകരണങ്ങൾനിർമ്മിക്കുക. | പാഴ്വസ്തുക്കൾ ശേഖരിക്കൽ ശാസ്ത്ര ഉപകരണങ്ങൾ. നിർമ്മിക്കൽ. | ഒരു മാസം | ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധർ |

## രസതന്ത്രം :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / വിഭവങ്ങൾ |
|---|---|---|---|
| 1.രസതന്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാന ആശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. | രസതന്ത്രത്തിന്റെ ആവശ്യങ്ങൾ നിത്യ ജീവിതത്തിൽ – ചർച്ച. | ജൂൺ | വിദഗ്ദർ നയിക്കുന്ന ക്ലാസ്സ്,<br>ഐ സി ടി |
| 2.വിവിധ തരം രാസപ്രവർത്തങ്ങളെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നതിന്. | ലാബുകളിലെ പ്രവർത്തനം. | ജൂൺ - മാർച്ച് | ലാബ് ഉപരണങ്ങൾ ,<br>രാസവസ്തുക്കൾ |
| 3.മൂലകങ്ങളുടെ പേരും പ്രതീകവും തിരിച്ചറിയൽ. | ശാസ്ത്ര ക്വിസ്. | ജൂൺ - ജൂലൈ | പീരിയോഡിക് ടേബിൾ,<br>ഐ സി ടി |
| 4.വ്യാവസായിക പ്രാധാന്യമുള്ള രാസവസ്തുക്കളുടെ നിർമ്മാണത്തെ കുറിച്ച് അറിവ് നേടൽ. | പഠന യാത്ര | നവംബർ | ടീച്ചർ |
| 5.വിദ്യാർഥികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിന്. | ശാസ്ത്രമേളകൾ,<br>ചർച്ച എന്നിവ സംഘടിപ്പിക്കുക. | ജൂൺ - ജൂലൈ | ആനുകാലികങ്ങൾ,<br>ഐസിടി |
| 6.ശാസ്ത്രപഠനം രസകരമാക്കുക. | ക്ലാസ് മുറികളിൽ മിനി ലാബ് സജ്ജീകരിക്കുകക. | ആഗസ്ത് | ലാബ് ഉപകരണങ്ങൾ,<br>രാസവസ്തുക്കൾ |
| 7.നിത്യ ജീവിതത്തിൽ രസതന്ത്രത്തിനുള്ള പ്രാധാന്യം തിരിച്ചറിയുന്നതിന്. | ചർച്ച | ഡിസംബർ | ആനുകാലികങ്ങൾ<br>ടീച്ചർ |

## ജീവശാസ്ത്രം :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / വിഭവങ്ങൾ |
|---|---|---|---|
| 1.മൈക്രോസ്കോപ്പിന്റെ ഉപയോഗവും വിവിധ ഭാഗങ്ങളും മനസ്സിലാക്കൽ. | സിംപിൾ മൈക്രോസ്കോപ്, കോമ്പൗണ്ട് മൈക്രോസ്കോപ് ഇവ പരിചയപെടുത്തുന്നു. അവയുടെ ഭാഗങ്ങൾ, വ്യത്യാസം എന്നിവ മനസ്സിലാക്കുന്നു. മൈക്രോസ്കോപ്പിന്റെ ഭാഗങ്ങൾ മനസ്സിലാക്കുന്നു. വേര് കാണ്ഡം കോശങ്ങൾ തിരിച്ചറിയുന്നു. | രണ്ടു മാസം | മൈക്രോസ്കോപ് പരീക്ഷണ സാമഗ്രികൾ ഐസിടി |
| 2.കൃഷിയുടെ പ്രാധാന്യവും സംയോജിത കൃഷി കീടനിയന്ത്രണവും തിരിച്ചറിയുക. | കർഷരുമായി അഭിമുഖം. ഫീൽഡ് സന്ദർശനം. ബയോഗാസ് പ്ലാന്റ് നിർമ്മാണം മനസിലാക്കുന്നു. സംയോജിത കീട നിയന്ത്രണത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു. വിവര ശേഖരണം. | രണ്ടു മാസം | വീഡിയോ, ആനുകാലികങ്ങൾ |
| 3.പരിസ്ഥിതി സംരക്ഷണ ബോധവത്കരണം. | പരിസ്ഥിതി ക്ലബ് രൂപീകരണം. ഹരിതവത്കരണം. ജൈവ വൈവിദ്ധ്യ പർക്ക് നിർമ്മാണം. ശലഭോദ്യാന പർക്ക് നിർമ്മാണം. | ഒരു വർഷം | പുതിയ ഇനം സസ്യങ്ങൾ, ആവാസവ്യവസ്ഥക്ക് ഉതകുന്ന ജൈവ - അജൈവ വസ്തുക്കൾ. |
| 4.ആരോഗ്യവും ജീവിത ശൈലിയും. | ഡയറ്റീഷ്യനുമായി സംവാദം. അനാരോഗ്യകരമായ ഭക്ഷണശീലം - സർവ്വേ റിപ്പോർട്ട് തയ്യാറാക്കുക. വ്യായാമത്തിന്റെയും ശാരീരിക ക്ഷമത നിലനിർത്തേണ്ടതിന്റെയും പ്രാധാന്യം മനസ്സിലാക്കുക. | ഒരു മാസം | ആനുകാലികങ്ങൾ ഐ സി ടി. |

| | | | |
|---|---|---|---|
| 5.വാർദ്ധക്യത്തിൽ എത്തിയവരോടുള്ള സമീപനം, അവയവ ദാനം, ബോധവൽക്കരണം. | സാന്ത്വന പരിചരണ കേന്ദ്രം സന്ദർശിക്കുക.<br>ആരോഗ്യ വിദഗ്ധരുടെ ക്ലാസ്. | ഒരു മാസം | അഭിമുഖം, ആനുകാലികങ്ങൾ ഐ സി ടി |
| 6.നേത്രസംരക്ഷണത്തിന്റെ പ്രാധാന്യം, രക്തദാനം നേത്രദാനം ഇവയുടെ പ്രാധാന്യം. | കണ്ണിന്റെ ഘടന,പ്രവർത്തനം ഇവ മനസിലാക്കുന്നു.<br>നേത്ര രോഗങ്ങളെ കുറിച്ച് മനസിലാക്കുന്നു.<br>ഓഫ്ത്താൽമോളജിസ്റ്റുമായി അഭിമുഖം.<br>രക്തദാനം നേത്രദാനം ഇവയുടെ പ്രാധാന്യം - ചർച്ച. | മൂന്നു മാസം | അഭിമുഖം, ആനുകാലികങ്ങൾ ഐ സി ടി |
| 7.ജനിതക രോഗങ്ങളെ കുറിച്ച് മനസിലാക്കുക. അൽഷിമേഴ് സ്, പാർക്കിൻസൺസ് , ഹീമോഫീലിയ തുടങ്ങിയ രോഗങ്ങളെ കുറിച്ച് മനസ്സിലാക്കൽ. | ജനിതക രോഗ ബാധിച്ചവരുടെ പ്രത്യേകതകൾ മനസിലാക്കുന്നു.<br>അവരുടെ ബന്ധുക്കളുവുമായി ചർച്ച നടത്തുന്നു.<br>ജനിതക രോഗത്തിനു പരിപൂർണ്ണ ചികിത്സ ഇല്ലെന്ന് മനസിലാക്കുന്നു.<br>ജീൻ തെറാപ്പിയെ കുറിച്ച് മനസിലാക്കുന്നു. | മൂന്നു മാസം | അഭിമുഖം, ആനുകാലികങ്ങൾ ഐ സി ടി |

## ഗണിതം :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / വിഭവങ്ങൾ |
|---|---|---|---|
| 1.ഗണിത ശേഷിവികസനം, ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക, | 8,9,10 ക്ലാസ്സുകളിലെ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പഠന പിന്തുണ നൽകുക. പ്രീ ടെസ്റ്റ്. | ജൂലൈ മുതൽ ഡിസംബർ വരെ | ഗണിതാധ്യാപകർ |
| 2.ഗണിത വായനസംസ്കാരം കുട്ടികളിൽ വളർത്തുക. | ഗണിത ലൈബ്രറി ഒരുക്കുക. | ജൂലൈ ആദ്യ വാരം | ഗണിതാധ്യാപകർ, ഗണിത ക്ലബ്ബ് അംഗങ്ങൾ |
| 3.ഗണിത പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിന് കുട്ടികളെ പ്രാപ്തമാക്കുക. | ഗണിത ലാബ് ഒരുക്കൽ പഠനോപകരണങ്ങളുടെ നിർമ്മാണ ശില്പശാല, | ഓരോ ടേമിലും ഒരു ദിവസം വീതം | ഗണിതാധ്യാപകർ, ഗണിത ക്ലബ്ബ് അംഗങ്ങൾ |
| 4.ഗണിത പ്രശ്നങ്ങളെ ആത്മവിശ്വാസത്തോടെ നേരിടാനും അവ പരിഹരിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക, | ഗണിത പ്രശ്നോത്തരി. | ഓരോ മാസവും ഒരു ദിവസം. | ഗണിത ക്ലബ്ബ് അംഗങ്ങൾ. |
| 5. കുട്ടികളെ ഗണിതസംവാദത്തിനു പ്രാപ്തമാക്കുക. ഗണിത സംവാദം. | ഗണിത ക്ലിനിക് (കുട്ടികൾക്കുള്ള വിഷയത്തിലുള്ള സംശയ നിവാരണ പദ്ധതി). | ആഴ്ചയിൽ ഒരു ദിവസം. | ഗണിതത്തിൽ മിടുക്കരായ വിദ്യാർഥികൾ, ഗണിതാധ്യാപകർ |
| 6. അളവുകളുടെ കൃത്യമായ സംയോജനം, ഗണിതത്തിന്റെ സൗന്ദര്യാ മേഖലയെ സംബന്ധിച്ച് കുട്ടികളെ ബോധവാന്മാരാക്കുക. | ദേശീയ പതാക നിർമ്മാണം. | ഓഗസ്റ്റ് | ഗണിതക്ലബ്ബ് കൺവീനർമാർ. |

| | | | |
|---|---|---|---|
| **7.**നിറങ്ങളുടെ സംയോജനം, അവയുടെ അളവുകളിൽ പാലിക്കേണ്ട കൃത്യത. | ഗണിത പൂക്കളം - വ്യത്യസ്ത ഡിസൈനുകൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനം. | സെപ്റ്റംബർ | ഗണിതക്ലബ്ബ് കൺവീനർമാർ. |
| **8.**കുട്ടികളിൽ ഗണിത സർഗ്ഗശേഷി വളർത്തുക. | ഗണിത മാഗസീൻ നിർമ്മാണം. | സെപ്റ്റംബർ | ഗണിതക്ലബ്ബ് കൺവീനർമാർ. |
| **9.**ഗണിത ശാസ്ത്രമേളയ്ക്ക് കുട്ടികളെ ഒരുക്കുക. | സ്കൂൾ തല ഗണിത ശാസ്ത്രമേള സംഘടിപ്പിക്കുക. | ഒക്ടോബർ | ഗണിതക്ലബ്ബ് കൺവീനർമാർ |
| **10.**ഗണിതത്തിന്റെ ഗവേഷണ മേഖല കുട്ടികൾക്ക് പരിചയപ്പെടുത്തുക. | സെമിനാർ സംഘടിപ്പിക്കൽ. (ഭാസ്കരാചാര്യ സെമിനാർ രാമാനുജൻ സെമിനാർ പേപ്പർ പ്രസന്റേഷൻ). | നവംബർ | ഗണിതക്ലബ്ബ് കൺവീനർമാർ. |
| **11.**രാമാനുജനെ അറിയുക. | രാമാനുജൻ ദിനാഘോഷം - (രാമാനുജന്റെ ജീവിതം , ഗണിതത്തിൽ അദ്ദേഹത്തിന്റെ സംഭാവന , ഇന്ത്യൻ ഗണിതം). | ഡിസംബർ 22 | ഗണിതക്ലബ്ബ് കൺവീനർമാർ. |
| **12.**ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുക. | ഗണിതത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്ക് പ്രഗത്ഭരുടെ ക്ലാസ്സ്. | ഒരു മാസം ഒന്ന് | ഗണിതാധ്യാപകർ, ഗണിതവിദഗർ, |
| **13.**ഗണിത ശാത്രജ്ഞരുടെ സംഭാവനകൾ മനസ്സിലാക്കുക. | ഗണിത ശാസ്ത്രജ്ഞരുടെ ജീവിതാനുഭവങ്ങൾ ,കണ്ടുപിടു ത്തങ്ങൾ,തുടങ്ങിയവ ഉൾക്കൊള്ളുന്ന ആൽബം തയ്യാറാക്കുക | 3 മാസം | ഗണിതക്ലബ്ബ് കൺവീനർമാർ , ഗണിതാധ്യാപകർ. |

# I T :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല / വിഭവങ്ങൾ |
|---|---|---|---|
| 1.വിവിധ വിഷയങ്ങളുമയി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ഐ സി ടി സഹായത്തോടെ പൂർത്തിയാക്കാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുക . | സ്കൂൾ അധ്യാപക പരിശീലനം സംഘടിപ്പിക്കുക. പുതുതായി വരുന്ന സോഫ് റ്റ് വെയറുകൾ , ഐ സി ടി ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുക. | അക്കാദമിക വർഷം | ഐ സി ടി പരിശീലനം നേടിയ അധ്യാപകർ. |
| 2. വിവിധ വിഷയങ്ങളുമയി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക. | ഐ സി ടി പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിനുള്ള ശില്പശാല സംഘടിപ്പിക്കുക. | അക്കാദമിക വർഷം. | ഐ സി ടി പരിശീലനം നേടിയ അധ്യാപകർ. |
| 3.സാങ്കേതികവിദ്യയുടെ ദുരുപയോഗത്തെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ബോധവാന്മാരാക്കുക. | ബോധവത്കരണ ക്ലാസ്സ്. | അക്കാദമിക വർഷം. | സൈബർ സെൽ ഉദ്യോഗസ്ഥർ, ലൈറ്റ്ലെ കൈറ്റ്സ് അംഗങ്ങൾ. |
| 4.സ്മാർട്ട് ക്ലാസ്സ്റൂം ഫലപ്രദമായി ഉപയോഗിക്കൽ. | വിഷയാധിഷ്ഠിതമായി ഐ സി ടി ഉപയോഗിച്ച് ക്ലാസ്സ്റൂം സജ്ജീകരിക്കുക. | അക്കാദമിക വർഷം | അധ്യാപകർ. |

## ഉൾച്ചേർന്ന വിദ്യാഭ്യാസം , കൗൺസിലിംഗ് :

2025 - 2026 അധ്യയനവർഷം 5 മുതൽ പ്ലസ്ടു വരെ ക്ലാസ്സുകളിൽ 64 ഭിന്നശേഷി വിദ്യാർത്ഥികൾ പഠനം നടത്തുന്നു . ഇവർക്കായി അധ്യയനദിവസങ്ങളിൽ വ്യക്തിഗത പരിശീലനം, ശനിയാഴ്ചകളിൽ പഠനപിന്തുണ ക്ലാസുകൾ , രക്ഷിതാക്കളുടെ സംഗമം, ബോധവൽക്കരണ ക്ലാസ്സ് , ഗൃഹസന്ദർശനം എന്നിവ നടപ്പിലാക്കും.

5 മുതൽ പ്ലസ്ടു വരെയുള്ള കുട്ടികൾക്ക് വ്യക്തിഗത - ഗ്രൂപ്പ് കൗൺസിലിങ് , ആനുകാലിക വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ , പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ വീടുകൾ സന്ദർശിച്ച് പഠന പിന്തുണ നൽകൽ , പാരന്റിംഗ്, ശാരീരിക - മാനസിക ആരോഗ്യം മെച്ചപ്പെടുത്താൻ വേണ്ട മത്സരങ്ങൾ എന്നിവ നടപ്പിലാക്കും.

## ഉപസംഹാരം :

ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന ആധുനിക വിദ്യാഭ്യാസത്തിന്റെ തത്വം പ്രാവർത്തികമാക്കാനുതകുന്ന വ്യത്യസ്ത പദ്ധതികളാണ് ഈ മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്യുന്നത് . സമൂഹത്തിന്റെ എല്ലാ മേഖലകളിലുമുള്ള വിദ്യാഭ്യാസ പ്രവർത്തകരെ ആകെ ചേർത്തുകൊണ്ട് കേരള സർക്കാർ വിഭാവനം ചെയ്യുന്ന ജനകീയ വിദ്യാഭ്യാസ വ്യാപനത്തിന് നമ്മുടെ വിദ്യാലയവും മുന്നിൽ ഉണ്ടാവുമെന്നും അതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുമെന്നും ഞങ്ങൾ ഉറപ്പു നൽകുന്നു.

പി ടി എ പ്രസിഡണ്ട് പ്രിൻസിപ്പാൾ / ഹെഡ് മാസ്റ്റർ

IMNS GHSS MAYYIL